# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2380 — 19.06.2013-ലെ മറുപടിക്ക്

## പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ വർഷം പുതിയതായി എത്ര മെഡിക്കൽ കോളേജുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ; ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിക്കുന്നത് ; വ്യക്തമാക്കുമോ ; | (എ) സംസ്ഥാന സർക്കാർ മേഖലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പുതിയ മെഡിക്കൽ കോളേജുകളിൽ മഞ്ചേരിയിൽ സ്ഥാപിക്കുന്ന മെഡിക്കൽ കോളേജ് ഈ അധ്യയന വർഷം പ്രവർത്തനമാരംഭിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. |
| (ബി) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകളിൽ എത്ര എം.ബി.ബി.എസ്. സീറ്റുകൾ വീതം ഈ വർഷം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ഇത് സംബന്ധിച്ച് വ്യക്തത ഉണ്ടാകുകയുള്ളൂ. |
| (സി) പ്രസ്തുത മെഡിക്കൽ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ? | (സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ